## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 883** 25.01.2018-ന് മറുപടിയ്ക്ക്

### പാട്ടത്തുക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.മുരളീധരൻ** | **ശ്രീ. കെ. രാജു**<br>**(ബഹു. വനവും‌മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | വ്യക്തികൾക്കും പൊതു ആവശ്യങ്ങൾക്കും പാട്ടത്തിനു നൽകിയിരിക്കുന്ന വനഭൂമിക്ക് ഈടാക്കുന്ന പാട്ടത്തുക കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പാട്ടത്തുകയുടെ നിരക്ക് കാലാനുസൃതമായി പുതുക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | കേരള ഗ്രാന്റ്സ് & ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ചട്ടം 2009 ചട്ടം 3 (2) (എ) പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ മേഖല/സ്വകാര്യ വ്യക്തികൾക്കും പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമിയുടെ പാട്ടവാടക പുതുക്കി നിശ്ചയിച്ച് ഒരു മാസത്തിനകം സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകികൊണ്ട് 28.10.2017 ലെ സ.ഉ. (എം.എസ്) നം. 49/2017/വനം പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>ഇതേ ഉത്തരവ് പ്രകാരം സ്വകാര്യ മേഖലയ്ക്ക്/ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിക്ക് പൊതുമേഖലയ്ക്ക് പാട്ടത്തിന് നൽകിയ വനഭൂമിയെക്കാൾ ഉയർന്ന പാട്ടവാടക നിശ്ചയിക്കുന്നതിന് ഉതകും വിധം 2009 ലെ കേരള ഗ്രാന്റ്സ് & ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതിവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**